**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**29 December 2017 (10 Rabi'ul Aakir 1439 Hijra)**

## THE THREE STAGES OF THE SOUL :/ മനുഷ്യാത്മാവിന്റെ മൂന്ന് അവസ്ഥകൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽഫാതിഹ ഓതിയ ശേഷം **മനുഷ്യാത്മാവിന്റെ മൂന്ന് അവസ്ഥകൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ആത്മീയ യാത്രയെന്നത് ജിവീതം മുഴുവൻ നീളുന്ന ഒരു യാത്രയാണ്. ഈ യാത്രയുടെ വിവിധ ഘട്ടങ്ങളിൽ നാം എത്തിച്ചേരുന്നു. പുരോഗതിയുടെ പടവുകൾ തീർച്ചയായും നേട്ടങ്ങൾ തന്നെയാണ്. എന്നാൽ ഒരു കാര്യം ഓർമ്മിയിരിയ്ക്കട്ടെ. ഈ യാത്രയുടെ ആത്യന്തിക ലക്ഷ്യവും പദവിയും അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ഒരിയ്ക്കലും നേടിയെടുക്കുവാൻ കഴിയില്ല. എല്ലാ നേട്ടങ്ങൾക്കുമപ്പുറം പദവികൾ പിന്നെയും ബാക്കി നിലക്കും. നാം നേടാൻ വെമ്പുന്ന സ്ഥാനഗരിമയ്ക്കുമപ്പുറം കീഴടക്കാൻ ഗിരിശ്യംഗങ്ങൾ പിന്നെയുമുണ്ടാകും. ഇത് ഇങ്ങനെ തന്നെയായിരിക്കാൻ കാരണം ലളിതമാണ്. ആത്മീയ യാത്രയിൽ നാം പോകുന്ന പാത ദൈവത്തിലേക്ക് നീളുന്നതാണ്. മനുഷ്യന്റെ മസ്തിഷ്കത്തിൽ ഗ്രഹിച്ചെടുക്കുവാൻ കഴിയുന്നതിനും അപ്പുറത്താണ്, സൂക്ഷ്മവിശകലനത്തിൽ, അനന്തമായി കിടക്കുന്ന ദൈവത്തിന്റെ അസ്ഥിത്വം.

അല്ലാഹു (ത) വ്യക്തമായി പറയുന്നു കണ്ണുകൾ അവനെ പ്രാപിക്കുകയില്ല. കണ്ണുകളെ അവൻ പ്രാപിക്കും. അവൻ അതിസൗമ്യനും സൂക്ഷ്മജ്ഞനുമാകുന്നു (6 : 104)

തന്റെ പരിമിതമായ അറിവിന്റെയും കഴിവിന്റെയും അടിസ്ഥാനത്തിലാണ് മനുഷ്യൻ ദൈവത്തെ അറിയാൻ ശ്രമിക്കുന്നത് ദൈവത്തെ അറിയുവാനുള്ള കഴിവ് വർദ്ധിക്കുന്നതിനുസരിച്ച് ദൈവസാമിപ്യം പ്രാപിക്കുവാനുള്ള മനുഷ്യന്റെ സിദ്ധിയും അധികരിയ്ക്കുന്നു. വിശുദ്ധ ഖുർആൻ ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ആ ഗ്രന്ഥം പറയുന്നു.

ഓരോ ദിനവും വ്യത്യസ്ത സ്ഥിതികളിൽ അവൻ അവതരിക്കുന്നു (55 : 30)

ഈ ആത്മീയ വിഷയം വളരെ മാനങ്ങളുള്ളതും ആഴമേറിയതുമാണ്. വൈവ

ക്തികവും യാഥാർത്ഥ്യ ബോധമുള്ളതുമായ അനുഭവ പരിസരത്തു നിന്നലല്ലാതെ ഈ വിഷയത്തെക്കുറിച്ച് സംസാരിക്കുന്നതിൽ അർത്ഥമില്ല. ആത്മീയതയുടെ അന്ത സ്സത്ത ദൈവത്തെ അറിയുകയും സ്രഷ്ടാവിന്റെ സാമിപ്യം യഥാർത്ഥത്തിൽ പ്രാപിക്കലും ആണെങ്കിൽ, ഈ അനുഭവങ്ങളിലൂടെയൊക്കെ കടന്നു പോയ ഒരാൾക്ക് നിസ്സംശയം അത് വിശദീകരിയ്ക്കാം. വൈയ്കിതകാനുഭവങ്ങളുടെ പരിസരത്തു നിന്നും ഇത് സംബന്ധമായി ആധികാരികമായി സംസാരിയ്ക്കാ വുന്നതാണ്.

ഇസ്ലാമിനെ പറ്റി പ്രതിപാദിക്കുമ്പോൾ, എല്ലാ മേഖലകളിലും ഏറ്റവും നല്ല മാതൃക പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) തന്നെയാണ്, ഒരു മനുഷ്യന് പ്രാപി ക്കുവാൻ കഴിയുന്ന ആത്മീയതയുടെ ഏറ്റവും മഹോന്നതമായ സ്ഥാനം കരസ്ഥ മാക്കുക മാത്രമല്ല അദ്ദേഹം ചെയ്തത് മറിച്ച് സർവ്വശക്തനായ ദൈവത്തിൽ നിന്നും ആത്മീയതയുടെ എല്ലാ അനുഗ്രഹങ്ങളും നേടുവാനും അദ്ദേഹത്തിന് സാധിച്ചു. ഈ വീനിതനിലൂടെ ഈ നൂറ്റാണ്ടിൽ അത്യുന്നതമായ ഒരു ദൃഷ്ടാന്തം പ്രകടമായിരിക്കുകയാണ്. അതുപോലെ കഴിഞ്ഞ നൂറ്റാണ്ടിൽ ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ) ലൂടെയും ! അദ്ദേഹം ഇസ്ലാമിലെ കഴിഞ്ഞ നൂറ്റാണ്ടിലെ, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ ഭക്തനായ ദാസനായിരുന്നു. അദ്ദേഹം വാഗ്ദത്ത മഹ്ദിയും മസീഹുമായിരുന്നു. ആത്മീയ ലോകത്ത് അദ്ദേഹം വളരെ ആഴത്തിലുള്ള അനുഭവജ്ഞാനങ്ങൾ പങ്കുവെയ്കുകയുണ്ടായി. 80 ലധികം പുസ്തകങ്ങൾ അദ്ദേഹം രചിച്ചു. ഇസ്ലാമിലെ വിവിധങ്ങളായ കുരുക്കഴിയാത്ത പ്രയ്തനങ്ങൾക്ക് അദ്ദേഹം പ്രതിവിധികൾ നിർദ്ദേശിക്കുകയുണ്ടായി. ഇതൊക്കെ സുസാധ്യമാക്കിയത് അദ്ദേഹത്തിന് ലഭിച്ച വെളിപാടുകളിലൂടെയായിരുന്നു.

അദ്ദേഹത്തിന്റെ ലോക പ്രസിദ്ധമായ പുസ്തകമാണ് **ഇസ്ലാം മത തത്വ ശാസ്ത്രം എന്ന ഗ്രന്ഥം**

പ്രസ്തുത ഗ്രന്ഥത്തിൽ ആത്മീയ ജീവിത്തിന്റെ വിവിധ അവസ്ഥകളെ കുറിച്ച് അദ്ദേഹം പ്രതിപാദിക്കുകയുണ്ടായി. അദ്ദേഹം പ്രസ്താവിച്ചു ഒരു വന്റെ ആത്മീയ യാത്രയിൽ മൂന്ന് അവസ്ഥകൾ ഉണ്ടായിരിക്കും.

ഒന്നാമത്തേത് നഫ്സ് അമ്മാറ : അഥവാ ദോഷ പ്രവണമായ ആത്മാവ്

രണ്ടാമത്തേത് നഫ്സ് ലവ്വാമ : അഥവാ ചെയ്തുപോയ കുറ്റത്തേയും ദുഷ്കൃതിയേയും കുറിച്ച് സ്വയം ശാസിക്കുന്ന ആത്മാവ്

മൂന്നാമത്തേത് നഫ്സ് മുത്മഇന്ന: ദൈവാശിസ്സുകൊണ്ട് ശാന്തി പ്രാപിച്ച ആത്മാവ്

ഒന്നാമത്തെ അവസ്ഥ വിശദീകരിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് (അ) പറ

യുന്നു. മനുഷ്യന് ശാരീരികം, ധാർമ്മികം, ആദ്ധ്യാത്മികം എന്നിങ്ങനെ മൂന്ന് അവസ്ഥകളുണ്ട്. ഇവയിൽ ഒന്നാമത്തേതായ ശാരിരിക അവസ്ഥയ്ക്ക് നഫ്സ് അമ്മാറ് : എന്നു പറയുന്നു. അഥവാ ദോഷ പ്രവണമായ ആത്മാവ്. പ്രസ്തുത ആത്മാവ് മനുഷ്യനെ തിന്മയിലേക്ക് നയിക്കുന്നു. ചുരുക്കത്തിൽ അമിതത്വത്തി ലേക്കും തിന്മയിലേക്കും പ്രേരിപ്പിക്കുന്ന ഈ സ്വഭാവം മനുഷ്യ സാധാരണമാണ്

എന്നാൽ മനുഷ്യൻ വിവേചന ബുദ്ധിയുടെയും ജ്ഞാനത്തിന്റെയും അടി സ്ഥാനത്തിൽ ഇച്ഛകളെ നിയന്ത്രിക്കുമ്പോൾ അവൻ ധാർമ്മികാവസ്ഥയിലേക്ക് പ്രവേശിക്കുന്നു. ഇതിലൂടെ രണ്ടാമത്തെ അവസ്ഥയിലേക്ക് പ്രവേശിക്കുന്നു. നഫ്സുലവ്വാമ : സ്വയം ശാസിക്കുന്ന അവസ്ഥ. വിവേക ബുദ്ധിയാൽ കാര്യ ങ്ങൾ നിയന്ത്രിക്കുന്നതിനും അത് ആഗ്രഹിക്കുന്നു. എന്നാൽ സൽകൃത്യം മാത്രം ചെയ്യുവാൻ ഈ അവസ്ഥ പര്യാപ്തമല്ല. ചിലപ്പോൾ തെറ്റു സംഭവിച്ചു പോകു ന്നു. കുട്ടി വീഴാൻ ആഗ്രിഹിക്കുന്നില്ലെങ്കിലും ബലഹീനതയാൽ മറിഞ്ഞു വീഴു ന്നതു പോലെ ബലഹീനതയാൽ തെറ്റു സംഭവിച്ചു പോകുന്നു. അപ്പോൾ പശ്ചാ ത്തിപിച്ചു കൊണ്ടിരിക്കുന്നതാണ്

മൂന്നാമത്തേത് അവസ്ഥ നഫ്സ് മുത്മഇന്ന : അതായത് ശാന്തിയെ പ്രാപിച്ച ആത്മാവ് എന്നാണ് പറയുന്നത്. ഈ പുരോഗമന ഘട്ടത്തിൽ ആത്മാവ് സകല ചാപല്യങ്ങളിൽ നിന്നും മുക്തമായി. ആത്മീയ ശക്തിയാൽ ഭരിതമായി തീരു ന്നു. അപ്പോൾ അതിന് ദൈവവുമായി ഒരു സജീവ ബന്ധമുണ്ടായി തീരുന്നു. അപ്പോൾഅത് എല്ലാ വിഘ്നങ്ങളെയും തട്ടി മാററി ദൈവത്തിലേക്ക് തിരിഞ്ഞ്, ദൈവത്തെ കൂടാതെ ജീവിക്കുവാൻ കഴിയാത്ത അവസ്ഥ പ്രാപിക്കുന്നു. ഐഹിക ജീവിതത്തിൽ തന്നെ ആത്മാവിന് സ്വർഗ്ഗീയ അനുഭൂതി ലഭ്യമാകുന്നു. ഈ ഉത്കൃഷ്ട പരിണാമ ഘട്ടത്തിൽ ദൈവപ്രേമം ആത്മാവിന്റെ ഭക്ഷ്യമായി തീരു ന്നു. അങ്ങനെ അവന് ഈ ലോകത്തു വെച്ചു തന്നെ സ്വർഗ്ഗീയ അനുഭൂതി ലഭ്യ മാകുന്നു.

നമ്മെ എല്ലാവരേയും നേർവഴിയിൽ അവൻ നടത്തട്ടെ ! ആമീൻ


**Translated By : Fazil Jamal & R. Jamaludin Raother**
**& Issued By :**


**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**